## അപ്പൻഡിക്സ് എച്ച്-4

## നോട്ടീസ്

ശ്രീ. മുഹമ്മദ് മുഹ്സിൻ. പി.വി, ലാബ് ടെക്നീഷ്യൻ ഗ്രേഡ്-2, സർക്കാർ ആയുർവേദ കോളേജ്, തിരുവനന്തപുരം-നെ അറിയിക്കുന്നതെന്തന്നാൽ , 1960-ലെ കേരള സിവിൽ സർവ്വീസുകൾ (തരംതിരിക്കലും നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിൽ വിഭാവനം ചെയ്യുന്ന പ്രകാരമുള്ള ശിക്ഷണ നടപടി താങ്കൾക്കെതിരെ എടുക്കാതിരിക്കുവാൻ കാരണം കാണിക്കുന്ന നിങ്ങളുടെ എതിർവാദ പത്രികയോ, വിശദീകരണമോ സമർപ്പിക്കുവാൻ താങ്കളോട് നിർദേശിച്ചുകൊണ്ടുള്ള കുറ്റാരോപണങ്ങളുടെ സ്റ്റേറ്റ്മെന്റ് സഹിതമുള്ള ചാർജ്ജ് മെമ്മോ,/കുറ്റപത്രം 07-11-2024 തീയതിയിലെ AVCTVM/1704/2024-E3(1) നമ്പർ പ്രകാരം 08-11-2024 തീയതിയിൽ ഏറ്റവും ഒടുവിൽ അറിയാവുന്ന താങ്കളുടെ മേൽവിലാസത്തിൽ അയച്ചിരുന്നു. എന്നാൽ ആ ചാർജ്ജ് മെമ്മോ വിതരണം ചെയ്യപ്പെടാതെ, താങ്കൾ കൈപ്പറ്റിയിട്ടില്ല എന്ന് പുറത്തെഴുത്ത് സഹിതം പോസ്റ്റൽ അധികാരികൾ ഡിപ്പാർട്ടുമെന്റിലേയ്ക്ക് മടക്കി. അതിനാൽ, ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിനുള്ളിൽ താങ്കൾക്കെതിരെ തയ്യാറാക്കിയ കുറ്റപത്രത്തിന് താങ്കളുടെ ലിഖിതമായ എതിർവാദപത്രികയോ, മറ്റു വിശദീകരണമോ ലഭിക്കാത്തപക്ഷം താങ്കൾക്ക് യാതൊരു എതിർവാദവും ബോധിപ്പിക്കുവാനില്ല എന്ന് അനുമാനിക്കുന്നതും, അതിനനുസൃതമായി തുടർ നടപടികൾ എടുക്കുന്നതുമാണ്. കുറ്റാരോപണങ്ങളുടെ സ്റ്റേറ്റ്മെന്റ് സഹിതമുള്ള കുറ്റാരോപണത്തിന്റെ പൂർണ്ണരൂപം നിശ്ചിതകാലാവധിക്ക് മുൻപ് തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജ് പ്രിൻസിപ്പാളിന്റെ കാര്യാലയത്തിൽ നിന്ന് നേരിട്ട് ഓഫീസ് പ്രവൃത്തി സമയത്തോ അല്ലെങ്കിൽ അത് അയയ്ക്കേണ്ട താങ്കളുടെ മേൽവിലാസം നൽകിക്കൊണ്ട് താങ്കൾ നൽകുന്ന അപേക്ഷയിന്മേലോ താങ്കൾക്ക് വാങ്ങാവുന്നതാണ്.

പ്രിൻസിപ്പാൾ
സർക്കാർ ആയുർവേദ കോളേജ്, തിരുവനന്തപുരം

PRINCIPAL
Govt. Ayurveda College
Thiruvananthapuram- 695 001

ശ്രീ. മുഹമ്മദ് മുഹ്സിൻ. പി.വി.,
പാർപ്പറമ്പിൽ , വെള്ളക്കോട് ഹൗസ് 1/328 (എ) തലക്കടത്തൂർ. പി.ഒ.,
മലപ്പുറം- 676103.